LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പിൽ തസ്തിക വെട്ടിക്കുറയ്ക്കൽ

155 (3665) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പിൽ തസ്തികകൾ വെട്ടിക്കുറച്ചിരുന്നോ ;

(ബി) ഈ സാഹചര്യത്തിൽ ഫിഷറീസ് വകുപ്പിലെ ഭവന-സാനിട്ടേഷൻ പദ്ധതികളിൽ പ്രൊജക്ട്-കോർഡിനേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി പുതിയ ജീവനക്കാരെ ജില്ലാ ഓഫീസർമാർ ആവശ്യപ്പെട്ടിരുന്നോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി മത്സ്യഭവൻ ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പിൽ തസ്തികകൾ വെട്ടിക്കുറച്ചിട്ടില്ല.

(ബി) ഫിഷറീസ് വകുപ്പ് മുഖേന 2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 4990 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി 100 കോടി രൂപ അടങ്കൽ തുകയുള്ള ഭവന പദ്ധതിക്കും ഭവന അറ്റകുറ്റപ്പണി-സാനിട്ടേഷൻ എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നതിനായി 25.42 കോടി രൂപയുടെ പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭവന പദ്ധതിക്കായി 16 പ്രോജക്ട് കോർഡിനേറ്റർമാരെയും ഭവന അറ്റകുറ്റപ്പണി-സാനിട്ടേഷൻ പദ്ധതിക്കായി 9 പ്രോജക്ട് കോർഡിനേറ്റർമാരെയും പ്രതിമാസം 12,500 രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) മത്സ്യബന്ധന വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണ് 4990 പുതിയ ഭവന പദ്ധതികളും 3800 ഭവന അറ്റകുറ്റപ്പണികളും 3600 ടോയ്ലെറ്റുകളും ഒരു സാമ്പത്തിക വർഷം നടപ്പിലാക്കുന്നത്. പല തീരദേശ ജില്ലകളിലും 800 പുതിയ ഭവനങ്ങളും 600-800 ഭവന പുനരുദ്ധാരണങ്ങളും 500 മുതൽ 1768 വരെ ടോയ്ലെറ്റുകളുടെ നിർമ്മാണവും സമയബന്ധിതമായി നടപ്പിലാക്കാൻ നിലവിലെ മത്സ്യഭവന ഓഫീസർമാർ മാത്രം മതിയാകില്ല എന്ന ആവശ്യം പല തീരദേശ

ജില്ലാ ഓഫീസർമാരും ഉന്നയിച്ചതിനാൽ നിലവിലെ ഉദ്യോഗസ്ഥർ അനുഭവിക്കുന്ന ജോലിഭാരം കണക്കിലെടുത്ത് ടി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നിലവിലെ മത്സ്യഭവന ഓഫീസർമാരെ സഹായിക്കുന്നതിനും ആവശ്യമായ പ്രോജക്ട് കോർഡിനേറ്റർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി മത്സ്യഭവൻ ഓഫീസർമാരുടെ സേവനമാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

കൊയിലാണ്ടി, കാപ്പാട് തീരദേശ റോഡ്

156 (3666) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി, കാപ്പാട് തീരദേശ റോഡ് കടൽക്ഷോഭത്തിൽ ഭാഗികമായി തകർന്നത് പുനർനിർമ്മിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാപ്പാട്, കൊയിലാണ്ടി തീരദേശറോഡിന്റെ അലൈൻമെന്റിൽ 600 മീറ്ററോളം ഭാഗം വരുന്ന പി.ഡബ്ല്യു.ഡി റോഡിൽ 30 മീറ്റർ ഭാഗം കഴിഞ്ഞ കടൽക്ഷോഭത്തിൽ പൊളിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പുനർ നിർമ്മിക്കുന്നതിനായി പി.ഡബ്ല്യു.ഡി. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ. 5-12-2015-ന് കൊയിലാണ്ടി ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ വിളിച്ചുചേർത്ത യോഗത്തിൽ തകർന്ന റോഡിന്റെ ഭാഗം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെക്കൊണ്ട് പുനർനിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 10-12-2015-ന് പ്രസ്തുത റോഡിന്റെ മുറിഞ്ഞുപോയ ഭാഗത്ത് റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചുവെങ്കിലും ബന്ധപ്പെട്ട മേജർ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് വന്ന് പ്രവൃത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടതുപ്രകാരം പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ

157 (3667) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി വിശദമായ എസ്റ്റിമേറ്റ് സഹിതം ലഭിച്ച എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly